# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവന്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/173/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 24/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/173/2022 തീയ്യതി: 24/06/2022

## കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 13-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 15-01-2022 | 01-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-01-2022 | 01-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനന്ദനാരായണൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയകുമാരിയമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതാ സോമരാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഷെമിം എ. | സെക്രട്ടറി | 01-04-2019 | 20-05-2019 |
| ശ്രീമതി ദിലീന കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-05-2019 | 20-06-2019 |
| ശ്രീ രാജു എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2019 | 05-08-2019 |
| ശ്രീ അനസ് വൈ. | സെക്രട്ടറി | 06-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. താഹി റ്റി. | അസി. സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ. ജി. ശ്രീകുമാർ | അസി. സെക്രട്ടറി | 27-07-2019 | 31-03-2020 |
| ശ്രീ. ബാബു ശാമുവേൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ആശ വൈ.വി. | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ജനാർദ്ദനൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി സോണി എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഹസീന എ. | വി.ഇ.ഓ.I | 01-04-2019 | 31-03-2020 |
| ശ്രീ.രതീഷ് ആർ. | വി.ഇ.ഓ.II | 01-04-2019 | 31-03-2020 |
| ഡോ. ഗീതാഞ്ജലി | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ലേഖ ജെ. | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 24-01-2020 |
| ഡോ.അഞ്ജന | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 25-01-2020 | 31-03-2020 |
| ഡോ. സന്ധ്യാ സുധാകർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.അനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി രേഷ്മ രമേഷ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 31-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-3 |
| 5 | ഗ്രാന്റ്<br>Written By: G.Ambili (Senior Grade Auditor, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷ പെൻഷൻ - പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ സൂക്ഷിക്കുന്നില്ല<br>Written By: Rajasree.C.R (Auditor, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-10 |
| 13 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-11 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-12 |
| 15 | വാടക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-13 |
| 16 | എം.എൻ.ആർ.ഇ.ജി.എസ് - ഫലപ്രാപ്തി വിലയിരുത്തപ്പെടുന്നില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-14 |

| | | |
|---|---|---|
| 17 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-15 |
| 18 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-16 |
| 19 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: G.Ambili (Senior Grade Auditor, On 31-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-17 |
| 20 | എയ്ഡഡ് സ്കൂളുകൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ -അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-18 |
| 21 | ഗണിത ലാബ് എയ്ഡഡ് സ്കൂളുകൾക്ക് ഉപകരണങ്ങൾ നൽകി - അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-19 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-20 |
| 23 | സയൻസ് ലാബ് എയ്ഡഡ് സ്കൂളുകൾക്ക് ഉപകരണങ്ങൾ നൽകി -അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-21 |
| 24 | പത്താം തരം തുല്യതാ പഠനം തുക ഒടുക്കിയ പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 03-06-2022) | 1-22 |
| 25 | പന്ത്രണ്ടാം തരം തുല്യതാ പഠനം തുക ഒടുക്കിയ പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-23 |
| 26 | പ്രഭാത ഭക്ഷണം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-24 |
| 27 | തുക നൽകിയെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-25 |
| 28 | ആസ്മാ രോഗികൾക്ക് ഇൻഹേലർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-26 |
| 29 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 1-27 |
| 30 | ഭവന പുനരുദ്ധാരണത്തിനായി തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല - ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Anandanarayanan M (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-28 |

| | | |
|---|---|---|
| 31 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 1-29 |
| 32 | ഒ.ഡി.എഫ് - നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Anandanarayanan M (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഈടാക്കിയില്ല:13769/-രൂപയുടെ നഷ്ടം.<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 03-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | അനുബന്ധപത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

12.02.2019 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 01.06.2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) 320300199 എന്ന ഹെഡിൽ ലൈഫിന്റെ സ്റ്റേറ്റ് ഷെയർ വരവ് ആയി ചേർത്തിരിക്കുന്നത് 20100000 രൂപയാണ്. വി.ഇ.ഒയുടെ സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം ഈയിനത്തിലുള്ള ചെലവ് 20778700/- രൂപയാണ്. ബാലൻസായി നിൽക്കുന്നത് 678700/- രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ബാലൻസ് 2144021/-രൂപയാണ്.

2) ലൈഫ് ലോണിന്റെ ആകെ വരവ് 67,00,000/-രൂപയും വാർഷികകണക്കുകൾ പ്രകാരം ആകെ ചെലവ് 31,60,000/-രൂപയും ആണ്. എന്നാൽ വി.ഇ.ഒയുടെ സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം ഈയിനത്തിലുള്ള ചെലവ് 39,10,000/-രൂപയാണ്.

3) സംയുക്ത പ്രോജക്ടിനുവേണ്ടിയുള്ള ട്രഷറി അക്കൗണ്ടിൽ 19-20 ലെ ബാക്കി 5018334/-രൂപയും ബാലൻസ് ഷീറ്റിലെ ലയബിലിറ്റി പ്രകാരമുള്ള ബാക്കി 4969056/- രൂപയും ആണ്.

4) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരവ് 45222111 (I-6) ചെലവ് 44982027(I-14 A) ആണ്. ആയതിന്റെ വ്യത്യാസം 240084/-ആണ്.

5) ഇ പേയ്മെന്റിനായി ആരംഭിച്ച 37116112906 നമ്പർ അക്കൗണ്ടിൽ താഴെ പറയുന്ന തുകകൾ Cheques Deposited Not Credited ആയി ചേർത്തിരിക്കുന്നു.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 117020900049 | 31-3-18 | 1181 |
| 117020900050 | 31-3-18 | 43 |

ടി തുകകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

6) Capital Work In Progress ആയി ചേർത്തിരിക്കുന്ന 940120/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29187048 |
| വരവ് | 121280217 |
| ആകെ | 150467265 |
| ചെലവ് | 117255440 |
| നീക്കിയിരിപ്പ് | 33211825 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 13769 |
| തടസ്സപ്പെടുത്തിയ തുക | 4517058 |

## 1-4 ഗ്രാന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31164000 | 31164000 | 20785483 | 10378517 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15804000 | 15804000 | 7689374 | 8114626 |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 1300000 | 1300000 | 609574 | 690426 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 0 | 22167465 | 22167465 | 9440308 | 12727157 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 28657000 | 28657000 | 17490536 | 11166464 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 7308000 | 7308000 | 3583644 | 3724356 |
| ശുചിത്വ മിഷൻ | 2046219 | 210000 | 2256219 | 210000 | 2046219 |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 20100000 | 20100000 | 20778700 | 678700 |
| റ്റി.എസ്.സി | 2844989 | 0 | 2844989 | 0 | 2844989 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ഐസിഡിഎസ് | 3256310 | 1197613 | 4453923 | 970018 | 3483905 |
| എംജിഎൻആർഇജിഎ | 3606 | 1256071 | 1259677 | 1256881 | 2796 |
| ആശ്രയ | 0 | 1054313 | 1054313 | 1054313 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 451 | 255973895 | 214 | 95826023 | - | 237 | 37.4% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3606 | 1754071 | 1757677 | 1754881 | 2796 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43467230 | 43467230 | 43467230 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153600 | 266 |
| കർഷകതൊഴിലാളി പെൻഷൻ | 4761000 | 1637 |
| വിധവാപെൻഷൻ | 10876800 | 3680 |
| വാർദ്ധക്യകാലപെൻഷൻ | 17086500 | 5758 |
| വികലാംഗപെൻഷൻ | 2928900 | 981 |

| | | |
|---|---|---|
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 310800 | 104 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |

1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ - പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ സൂക്ഷിക്കുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ താമസമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് താമസംവിനാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13 /30.01.2022

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28614/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും

തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾക്കൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ചില കാലയളവുകളിൽ ഡയറി എഴുതിയിട്ടുതന്നെയില്ല. അപേക്ഷകൾ സ്വീകരിച്ച തീയതി, സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിൽ കൂടുതൽ കൃത്യത വരുത്തേണ്ടതുണ്ട്. അർഹിക്കുന്ന ഗൗരവത്തിൽതന്നെ ഫ്രണ്ട് ഓഫീസ് ഡയറിയിൽ രേഖപ്പെടുത്തലുകൾ നടത്തിസൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു. പല മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ചകാണുന്നു. പൂർത്തീകരണം വൈകിയതിന്റെ കാരണങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതെതന്നെ അവസാന ബിൽതുക നൽകിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ടെന്റർനടപടികളിൽ മത്സരസ്വഭാവം ഉണ്ടായിട്ടില്ല. 2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ പ്രവൃത്തികളിൽ വിരലിലെണ്ണാവുന്നവയിൽ മാത്രമാണ് രണ്ടിൽ കൂടുതൽ കരാറുകാർ പങ്കെടുത്തിട്ടുള്ളത്. .01% താഴെയുള്ള ടെന്റർ കിഴിവിലോ, എസ്റ്റിമേറ്റ് നിരക്കിലോ ആണ് കരാറുകളെല്ലാംതന്നെ അനുവദിച്ചുകാണുന്നത്. 50000/-രൂപ മുതൽ അടങ്കൽതുകയുള്ള പദ്ധതികൾക്ക് ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾക്കായി അക്രഡിറ്റഡ് എഞ്ചിനീയർ ജനറേറ്റ്ചെയ്യുന്ന എസ്റ്റിമേറ്റുകൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ തന്നെ സാങ്കേതികാനുമതിയും നൽകുന്നതായി കാണുന്നു. ഇതുമൂലം എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴുണ്ടാകുന്ന പിഴവുകൾ തിരുത്തപ്പെടാതെപോകുന്ന സാഹചര്യങ്ങളുണ്ടാകുന്നു.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2021 | 31.03.2021 | 25.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 – 13.10.2017 | 2016-17 | 17.11.2017 |

## 1-11 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ

പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഗവ. ഹൈടെക് ഡയറി ഫാമിലെ ദിവസ വേതന ജീവനക്കാർ | II |
| 2 | ഹോമിയോ ഡിസ്പെൻസറി, മുള്ളുമല | II |
| 3 | അയ്യങ്കാളി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് | I,II |
| 4 | കുറവൂർ, ക്ഷീരോൽപ്പാദക സഹകരണസംഘം | I,II |
| 5 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I,II |
| 6 | പഞ്ചായത്തിലെ മരാമത്തു പ്രവർത്തികൾ ചെയ്ത കരാറുകാർ | I,II |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.6 /25.01.2022

## 1-13 വാടക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 19-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 408, 409, 410 എന്നീ മുറികളിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം വാടക പൂർണ്ണമായും ഒടുക്കു വരുത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാടക നിരക്ക് | ഈടാക്കാനവശേഷിക്കുന്ന കാലയളവ് | തുക |
|---|---|---|
| 9593 | ഡിസംബർ മുതൽ മാർച്ച് മാസം വരെ | 9593*4=38372 |

കുടിശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 എം.എൻ.ആർ.ഇ.ജി.എസ് - ഫലപ്രാപ്തി വിലയിരുത്തപ്പെടുന്നില്ല.

2019-20 വർഷത്തിൽ എം എൻ ആർ ഇ ജി എസ് പ്രകാരം ചെലവഴിച്ച തുകകളുടേയും അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ടിരുന്ന പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന തുകകളുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| SL NO | WORK NAME | LB TARGET | TAKEN WORK | PERCENTAGE | ACTION PLAN AMOUNT | ACTUAL EXPENDITURE | PERCENTAGE |
|---|---|---|---|---|---|---|---|
| 1 | CATTLESHED | 75 | 49 | 65 | 15000000 | 1635332 | 10.9 |
| 2 | GOATSHED | 45 | 12 | 26.66 | 9000000 | 37672 | 0.42 |
| 3 | POULTRYSHED | 55 | 23 | 41.8 | 11000000 | 64264 | 0.58 |
| 4 | WELL | 21 | 7 | 33.3 | 1890000 | 26592 | 1.4 |
| 5 | POND | 24 | 2 | 8.3 | 4200000 | 102767 | 2.44 |
| 6 | MANNUKAYALA | 30 | 8 | 26.6 | 4485000 | 1113350 | 24.8 |
| 7 | ALL NRM WORKS | 470 | 372 | 79.15 | 48328000 | 42239452 | 87.4 |
| | TOTAL | 720 | 473 | 280.81 | 93903000 | 45219429 | 48.155 |

ആകെ ചെലവിന്റെ 96% തുകയും ചെലവഴിച്ചിരിക്കുന്നത് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾക്കായാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കുക എന്നതിനുപരിയായി ഉണ്ടാകേണ്ട ലക്ഷ്യപ്രാപ്തികൾ എവിടെയും വിലയിരുത്തപ്പെടാതെ പോകുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും മണ്ണ് ജലസംരക്ഷണം എന്ന മേഖലയിൽ ചെലവഴിക്കുന്ന തുകയുടെ വ്യാപ്തിയും ഫലപ്രാപ്തിയും വിശകലന വിധേയമാക്കിമാത്രം വരും വർഷങ്ങളിൽ പദ്ധതികൾക്ക് അംഗീകാരം നൽകണമെന്ന് ഓഡിറ്റ് ശുപാർശചെയ്യുന്നു.

1-15 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. SO 342 മുണ്ടൻ കോൺ കനാൽ മുണ്ടൻ കോൺ വടക്കേക്കര റോഡ് കോൺക്രീറ്റ്, സൈഡ് വാൾ

അടങ്കൽ തുക – 370,000 / രൂപ – (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് തുക – 369971/- രൂപ (ബിൽ നം. 67/20.08.2018, തുക : 328378/-രൂപ, ബിൽ നം. 63/29.07.2019, തുക : 41593/-രൂപ)

കരാറുകാരൻ - ശ്രീ. സി ജോസഫ്, ചെട്ടിയാവിള വീട്, കറവൂർ
എഗ്രിമെന്റ്നം. 75/AE/17-18/10.01.2018
ടി.എസ്.നം. 7522/18-19
എം.ബുക്ക് നം. 143/17-18.
എഗ്രീഡ് പി.എ.സി.- 370000/- രൂപ.
പ്രവൃത്തിമൂല്യം : 369971/- രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 8 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 10.01.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 08.07.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 09.09.2018.
വൈകിയ കാലയളവ് : 302 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 15963/- രൂപ (370000/-രൂപ X0.1% X302/7).

2. പ്രോജക്റ്റ് നം. SO.344. പുന്നല നെല്ലിമുരുപ്പ് റോഡിനു സംരക്ഷണഭിത്തി
അടങ്കൽ തുക - 12,37,000/ രൂപ -(മെയിന്റനൻസ് ഫണ്ട് റോഡ് ).
ചെലവ്തുക – 1173938/-രൂപ (ബിൽ നം. 220/27.03.2019, തുക : 86938/-രൂപ, ബിൽ നം. 15/28.06.2019, തുക : 1087000/- രൂപ).
കരാറുകാരൻ - ശ്രീ. ഷാജഹാൻ മുണ്ടൻ കോണിൽ വീട് കറവൂർ
എഗ്രിമെന്റ്നം. 128/AE/17-18/23.02.2018
ടി.എസ്.നം. 22949/17-18
എം.ബുക്ക് നം. 148/18-19
എഗ്രീഡ് പി.എ.സി. - 1173938/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 8 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 23.02.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.02.2019
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 22.10.2018.
വൈകിയ കാലയളവ് : 129 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 21634/- രൂപ (1173938/-രൂപx0.1%x129/7)

3. പ്രോജക്റ്റ് നം. SO 347 കറവൂർ കാരിക്കുഴി റോഡ് റീടാറിങ്.
അടങ്കൽ തുക – 600000 / രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് തുക – 599777/- രൂപ (ബിൽ നം. 67/19.08.2019)
കരാറുകാരൻ - ശ്രീ. വി ഗോപാലകൃഷ്ണൻ ജയാഭവൻ, ഉറുകുന്ന് പി.ഒ., പുനലൂർ
എഗ്രിമെന്റ്നം. 158/AE/17-18/27.03.2018
ടി.എസ്.നം. 23206/17-18
എം. ബുക്ക് നം. 131/18-19.
എഗ്രീഡ് പി.എ.സി.-600000/- രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 8 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 27.03.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി :13.03.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 26.11.2018.

വൈകിയ കാലയളവ് : 107 ദിവസം.

ഈടാക്കേണ്ടിയിരുന്ന ഫൈൻ : 9171/- രൂപ (600000/-രൂപ X0.1% X107/7).

മേൽ മൂന്ന് പ്രവൃത്തികളിലുമായി ഫൈനായി ഈടാക്കേണ്ട തുക 46768/- രൂപ (15963 + 21634 + 9171)

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/24.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 46768/-രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല.

2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച് നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 13769/-രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദ വിവരങ്ങൾക്ക് ഖ.3-1 കാണുക.

1-17 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

പ്രോജക്ട് – പാലിന് സബ്സിഡി 295/20

അടങ്കൽ – 1290814/- രൂപ

ചെലവ് – 995050/- രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം (പ്രോ നം.295 ) 2019 ജൂൺ മാസം മുതൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്ഷീരവികസനവകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമാകാത്ത മാസങ്ങളിൽ 4 രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും ഇതിൽ തെറ്റുള്ള പക്ഷം തുടർവർഷങ്ങളിൽ 3 രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപന വിഹിതമിനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുകയായ ലിറ്ററിന് 3 രൂപയെ അധികരിച്ച് നല്കിയ തുക ക്ഷീരവികസന വകുപ്പിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/19-20

1-18 എയ്ഡഡ് സ്കൂളുകൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ -അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 240

പ്രോജക്ട് - പ്രഭാതഭക്ഷണം തയ്യാറാക്കുന്നതിനായി ഗ്യാസ് സ്റ്റൗ വാങ്ങൽ

അടങ്കൽ – 24500/-(തനതു ഫണ്ട്)

ചെലവ് - 24000/- രൂപ

ചെക്ക് നമ്പർ – 2926810/10-10-19

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ നൽകുന്ന പ്രഭാതഭക്ഷണം തയ്യാറാക്കുന്നതിനായി ഗ്യാസ് സ്റ്റൗ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പുത്തൂർ ടോണി എജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റൗ വാങ്ങി സ്കൂളുകൾക്ക് നൽകിയിരിക്കുന്നു. ആയതിൽ രണ്ടെണ്ണം പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ, എസ്.എൻ.യൂ.പി. സ്കൂൾ എന്നീ എയ്ഡഡ് സ്കൂളുകൾക്ക് നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് മേൽ ആനുകൂല്യം നൽകാൻ അനുവാദമില്ലെന്നിരിക്കെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതു വഴി 6000/- (2x3000/-) രൂപ ക്രമ വിരുദ്ധമായി ചെലവഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്എൻക്വയറിക്ക് മറുപടിയായി വിറക് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പുകയും കരിയും കുട്ടികളിൽ ശ്വാസകോശസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകുന്നതിനാൽ ആണ് പ്രോജക്ട് നടപ്പിലാക്കിയത് എന്നും സർക്കാർ ഉത്തരവ് (സാ.ധാ) നം. 2331/2019/തസ്വഭവ തീയതി 22/10/2019 തീരുമാനം 2 ന്റെ അടിസ്ഥാനത്തിൽ നൽകിയതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്കൂളുകൾക്ക് ഡിജിറ്റൽ പ്രൊജക്ടറും മൈക്ക് സെറ്റും വാങ്ങുന്നതിനു വേണ്ടിയുള്ള പ്രത്യേക അനുമതി നൽകിയ സർക്കാർ ഉത്തരവാണെന്നിരിക്കെ ആയത് അംഗീകരിക്കാൻ കഴിയില്ല. എയ്ഡഡ് സ്കൂളിനുവേണ്ടി ചെലവഴിച്ച 6000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടിക വർഗ്ഗ മേഖലയിൽ വിദ്യാർത്ഥികൾ അധികമായി പഠിക്കുന്ന ടി സ്കൂളിൽ നടപ്പിലാക്കിയ പദ്ധതിക്ക് മുൻകാലങ്ങളിലെപ്പോലെ സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 3/19-20

തടസ്സപ്പെടുത്തിയ തുക – 6000/- രൂപ

1-19 ഗണിത ലാബ് എയ്ഡഡ് സ്കൂളുകൾക്ക് ഉപകരണങ്ങൾ നൽകി - അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നമ്പർ – 75

പ്രോജക്ട് – ഗണിത ലാബ്

അടങ്കൽ - 70,000/- രൂപ (തനതു ഫണ്ട്)

ചെലവ് – 70,000/- രൂപ

ചെക്ക് നമ്പർ 2926827/22-11-19

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ ഗണിതലാബിലെ ഉപകരണങ്ങൾ വാങ്ങി നൽകാനായി ആവിഷ്കരിച്ച പ്രോജക്ട് വഴി വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകാൻ അനുവാദമില്ലെന്നിരിക്കെ ക്രമവിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ നാല് എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. കാരണം

വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ സർക്കാർ സ്കൂളുകൾക്കും ഗണിത ലാബ് ഉപകരണങ്ങൾ നൽകിയതിനു ശേഷം ബാക്കി ആണ് എയ്ഡഡ് സ്കൂളിന് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത സ്കൂളിനു വേണ്ടി ചെലവഴിച്ചതിന് അനുമതി വാങ്ങി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 3/19-20

1-20 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2019-20 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെക്കൊടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ തുക | വൌച്ചർ നം./ബിൽ നം. / തീയതി | നൽകിയ തുക |
|---|---|---|---|---|
| 8/20 കുര്യോട്ടുമല കുടിവെള്ള പദ്ധതി | KWA | 2364000 (വികസന ഫണ്ട്) | 13/19-20 /27.9.19 | 1251000 |
| 291/20 കടശ്ശേരി കുടിവെള്ളപദ്ധതി | GWD | 500000 (വികസന ഫണ്ട്) | 16/19-20 /26.10.19 | 500000 |
| 308/20 ഞണ്ട്തോട് കുടിവെള്ളപദ്ധതി | GWD | 584070 (വികസന ഫണ്ട്) | 3/19-20/4.6.19 | 584070 |
| ആകെ | | | | 23,35,070/- |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
എൻക്വയറി നം. - 1/18-1-22
തടസ്സപ്പെടുത്തുന്ന തുക - 23,35,070/- രൂപ

1-21 സയൻസ് ലാബ് എയ്ഡഡ് സ്കൂളുകൾക്ക് ഉപകരണങ്ങൾ നൽകി -അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 76/20

പ്രോജക്ട് – സയൻസ് ലാബ്

അടങ്കൽ – 70,000/- രൂപ (തനതുഫണ്ട്)

ചെലവ് – 70,000/- രൂപ

ചെക്ക് നമ്പർ – 2926828/22-11-19

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ സയൻസ് ലാബിലെ ഉപകരണങ്ങൾ വാങ്ങി നൽകാനായി ആവിഷ്കരിച്ച പ്രോജക്റ്റ് വഴി വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകാൻ അനുവാദമില്ലെന്നിരിക്കെ എയ്ഡഡ് സ്കൂളായ

പി.എൻ.കെ.എം.യു.പി സ്കൂളിന് നൽകിയതു വഴി 24390/- രൂപ ക്രമവിരുദ്ധമായി ചെലവഴിച്ചിരിക്കുന്നു. കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ സർക്കാർ സ്കൂളുകൾക്കും സയൻസ് ലാബ് ഉപകരണങ്ങൾ നൽകിയതിനു ശേഷം ബാക്കി ആണ് എയ്ഡഡ് സ്കൂളിന് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത സ്കൂളിനു വേണ്ടി ചെലവഴിച്ച 24390/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടിക വർഗ്ഗ മേഖലയിൽ വിദ്യാർത്ഥികൾ അധികമായി പഠിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതിക്ക് മുൻകാലങ്ങളിലെപ്പോലെ സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 3/19-20

തടസ്സപ്പെടുത്തിയ തുക – 24390/- രൂപ

1-22 പത്താം തരം തുല്യതാ പഠനം തുക ഒടുക്കിയ പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ
പ്രോജക്റ്റ് നമ്പർ – 18/20 - പത്താം തരം തുല്യതാ പഠനം
അടങ്കൽ – 50000/- രൂപ
ചെലവ് – 11700/- രൂപ
ചെക്ക് നമ്പർ – 2936224/31-3-20

പ്രസ്തുത പ്രോജക്റ്റ് പ്രകാരം പത്താം തരം തുല്യതാ പഠനത്തിനായി തുക ഒടുക്കിയ താഴെ പറയുന്ന പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല.

1. അനിത കുമാരി

2. ലിസ്സി

സാഹചര്യം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടിയാളുകൾക്ക് അസുഖം മൂലം പരീക്ഷ എഴുതാൻ കഴിഞ്ഞില്ല എന്നും അടുത്ത വർഷം പരീക്ഷ എഴുതി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ മേൽ പറഞ്ഞ വ്യക്തികൾക്കായി ചെലവഴിച്ച 3900/-(2x1950) രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 3/19-20

തടസ്സപ്പെടുത്തിയ തുക – 3900/- രൂപ

1-23 പന്ത്രണ്ടാം തരം തുല്യതാ പഠനം തുക ഒടുക്കിയ പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ – 26/20

പന്ത്രണ്ടാം തരം തുല്യതാ പഠനം

അടങ്കൽ – 50000/- രൂപ

ചെലവ് – 27600/- രൂപ

ചെക്ക് നമ്പർ – 2936225/31-3-20

പ്രസ്തുത പ്രോജക്റ്റ് പ്രകാരം പന്ത്രണ്ടാം തരം തുല്യതാ പഠനത്തിനായി തുക ഒടുക്കിയ താഴെ പറയുന്ന പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല .

1. ശ്രീജ (+2) (2200/- രൂപ)

2. അനിലാംബിക (+2) (2200/- രൂപ)

3. രേവതി (+1) (2500/- രൂപ)

സാഹചര്യം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടിയാളുകൾക്ക് അസുഖം മൂലം പരീക്ഷ എഴുതാൻ കഴിഞ്ഞില്ല എന്നും അടുത്ത വർഷം പരീക്ഷ എഴുതി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ മേൽ പറഞ്ഞ വ്യക്തികൾക്കായി ചെലവഴിച്ച 6900/-(2x2200+2500) രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 3/19-20

തടസ്സപ്പെടുത്തിയ തുക – 6900/- രൂപ

## 1-24 പ്രഭാത ഭക്ഷണം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രഭാത ഭക്ഷണം 79/20

2019-20 വർഷം നിർവഹണം നടത്തിയ പ്രഭാത ഭക്ഷണം എന്ന പ്രോജക്റ്റിനായി വികസന ഫണ്ടിൽ നിന്ന് 1225000/-രൂപയും തനതു ഫണ്ടിൽ നിന്ന് 765236/- രൂപയും ഉൾപ്പെടെ ആകെ 1990236/- രൂപാ ചെലവഴിച്ചു. ആയത് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കിയതിന് മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 14-11-2017തീയതിയിലെ സ.ഉ(സാധാ) നമ്പർ 3664/2017/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രഭാതഭക്ഷണത്തിന് അനുമതി ലഭിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ആയത് 13,00,000/- രൂപാ അടങ്കൽ വച്ച 310/17 നമ്പർ പ്രോജക്റ്റിനുള്ള അനുമതിയാണ് 14-11-2017 തീയതിയിലെ സ.ഉ(സാധാ) നമ്പർ 3664/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളത്. ആയതിന്റെ പിൻബലത്തിൽ ടി വർഷത്തെ പ്രഭാതഭക്ഷണം പ്രോജക്റ്റിൽ എയ്ഡഡ് സ്കൂളിന്കൂടി തുക ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവഴിച്ച 1990236/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടിക വർഗ്ഗ മേഖലയിൽ വിദ്യാർത്ഥികൾ അധികമായി പഠിക്കുന്ന ടി സ്കൂളിൽ നടപ്പിലാക്കിയ പദ്ധതിക്ക് മുൻകാലങ്ങളിലെപ്പോലെ സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 3/19-20

തടസ്സപ്പെടുത്തിയ തുക – 1990236/- രൂപ

## 1-25 തുക നൽകിയെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്റ്റ് നമ്പർ – 72/20 (ഐ.ഇ.സി ബോധവൽക്കരണ ലാപ്പ്ടോപ്പ്, പ്രൊജക്ടർ, അനുബന്ധസാധനങ്ങൾ)

അടങ്കൽ – 1,00,000/- രൂപ (തനതുഫണ്ട്)

ചെലവ് - 83262/- രൂപ

ചെക്ക് നമ്പർ – 2936223/30-3-20

ഐ.ഇ.സി ബോധവൽക്കരണ ലാപ്പ്ടോപ്പ്, പ്രൊജക്റ്റർ, അനുബന്ധസാധനങ്ങൾ എന്നിവ വാങ്ങാനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം കെൽട്രോണിന്റെ 799011400003959 നമ്പർ ഇൻവോയ്സ് പ്രകാരം ലാപ്പ്ടോപ്പിന് 33762/-രൂപയും കെ.എം ടെക്നോളജീസിന്റെ പ്രിന്ററിന് 49500/-രൂപയും ആണ് ചെക്ക് പ്രകാരം ചെലവഴിച്ചിരിക്കുന്നത്. എന്നാൽ നാളിതുവരെ കെൽട്രോണിൽ നിന്ന് ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ല. ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 33762/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 11/31-1-22

തടസ്സപ്പെടുത്തിയ തുക – 33762/- രൂപ

1-26 ആസ്മാ രോഗികൾക്ക് ഇൻഹേലർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്ട് നമ്പർ - 13/20

പ്രോജക്ട് - ആസ്മാ രോഗികൾക്ക് ഇൻഹേലർ

അടങ്കൽ – 15,000/- രൂപ (തനതുഫണ്ട്)

ചെലവ് - 15,000/- രൂപ

ചെക്ക് നമ്പർ 2926877/24-2-20

ആസ്മാ രോഗികൾക്ക് ഇൻഹേലർ വാങ്ങാനായി ഇൻ ഹൗസ് ഡ്രഗ് ബാങ്കിന്റെ 10-2-20 തീയതിയിലെ 4539@N/2020/2 നമ്പർ പ്രൊഫോർമാ ഇൻവോയ്സ് പ്രകാരം തുക നൽകിയെങ്കിലും നാളിതുവരെ ഇൻഹേലർ ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 11/31-1-22

തടസ്സപ്പെടുത്തിയ തുക – 15000/- രൂപ

1-27 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ ആയുർവേദം

പ്രോജക്ട് നമ്പർ – 25/21

പ്രോജക്ട് ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 50,000/- രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ് - 50,000/- രൂപ

ബിൽ നമ്പർ - 2/19-20/15-10-19

പ്രസ്തുത പദ്ധതിയ്ക്കായി ബിൽ മാറി തുക ഔഷധിക്ക് നൽകുകയും ആയതനുസരിച്ച് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കിട്ടിയ മരുന്നുകളിൽ അഭയാരിഷ്ടം 30 കുപ്പി

എണ്ണംകറവാണ് ലഭിച്ചിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ലഭിച്ച മരുന്നു തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/31-1-22

1-28 ഭവന പുനരുദ്ധാരണത്തിനായി തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല - ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ - 495/20

അടങ്കൽ – 30,00,000/- രൂപ (SCP)

ആകെ ചെലവ് - 26,25,000/- (SCP)

വി.ഇ.ഒ (വൻമല) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം (SC) എന്ന പദ്ധതി മുഖേന ആനുകൂല്യം കൈപ്പറ്റിയ ഒരു ഗുണഭോക്താവ് ആദ്യഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം | കരാർ ഒപ്പിട്ട തീയതി | കൈപ്പറ്റിയ തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| കുഞ്ഞിക്കുട്ടി, അയംകണ്ടത്തിൽ വടക്കേകര, പിറവന്തൂർ | 20-12-19 | 25,000 /- | 27/19-20/ 14-12-19 |
| | ആകെ | 25,000 /- | |

ഭവനപുനരുദ്ധാരണത്തിനായി അനുവദിച്ച തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടിയന്തിരമായി നിർമ്മാണപ്രക്രിയ പൂർത്തീകരിക്കാനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാനായുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 25,000 /- രൂപ

ഓഡിറ്റ് അന്വേഷണം നമ്പർ – 12/1 -2-22

1-29 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതിയിൽ അംഗങ്ങളായ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് , വിലാസം | കരാർ ഒപ്പിട്ട തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 460 /20 – (ലൈഫ് ഭവനപദ്ധതി – Sc ) | | | |
| മണി , വയലും കാരോട്ട് വീട് , ചെമ്പനരുവി | 18-7-18 | 40,000 /14-8-18<br>1,60,000/2-11-18<br>1,00,000/16-4-19 | 1,00,000 |
| തങ്കമ്മ, കടയ്ക്കാമൺ | 14-8-18 | 40,000/12-9-18 | 3,60,000 |
| 480/20 (ലൈഫ് ഭവനപദ്ധതി – Sc) | | - | |
| കമല. കെ, നെല്ലിവിള താഴേതിൽ പുത്തൻ വീട്, ചീവോട് | 29-8-19 | 40,000/29-11-19<br>1,00,000/23-7-20 | 2,60,000 |

നിർമ്മാണം പൂർത്തിയാക്കാൻ ശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം

നൽകിയ തുകകൾ നാളിതുവരെയുള്ള പലിശസഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 12/1 -2-22

1-30 ഒ.ഡി.എഫ് - നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ (വൻമല ) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതി മുഖേന ആദ്യഗഡു കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം | കരാർ ഒപ്പിട്ട തീയതി | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ലില്ലി, ചരുവിള പുത്തൻ വീട്, പെരുംതോയിൽ | 29-2-20 | 3,400 / 18 -3-20 | 12,000 |
| ബിന്ദു, കടയ്ക്കാമൺ | 6-3-20 | 3,400 /18-3-20 | 12,000 |

ഒ.ഡി.എഫ് – നായി അനുവദിച്ച തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടിയന്തിരമായി നിർമ്മാണപ്രക്രിയ പൂർത്തീകരിക്കാനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാനായുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 6,800 /- രൂപ

ഓഡിറ്റ് അന്വേഷണം നമ്പർ – 12/1 -2-22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഈടാക്കിയില്ല:13769/-രൂപയുടെ നഷ്ടം.

2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിരുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കറവൂർ കാരിക്കുഴി റോഡ് റീടാറിംഗ് SO347/19-20 | S65-4684kg, RS1-453kg | 33 | 9273/- (@281/-) | ശ്രീ.വി.ഗോപാലകൃഷ്ണൻ |
| 2 | അഞ്ചുപറപ്പടി പുലിച്ചാണി | S65-1656kg, RS1-148kg | 11 | 3091/- | ശ്രീ. രാമചന്ദ്രൻ പിള്ള |

| | | | | | |
|---|---|---|---|---|---|
| | മുരുപ്പ് റോഡ് റീടാറിങ് SO386/19-20 | | | | |
| 3 | പാവുമ്പ പാങ്ങോട് റോഡ് ഐറിഷിംഗ്, ടാറിങ്, കോൺക്രീറ്റിംഗ് SO398/19-20 | S65-1838kg, RS1-168kg | 13 | 3653/- | ശ്രീ. രാജേഷ് .ആർ |
| 4 | SO 371/19-20 ചാച്ചി പുന്ന 13 ഏക്കർ റോഡ് ടാറിങ് | S65-2146kg, RS1-451kg | 16 | 4496/- | ശ്രീ ഷാജഹാൻ എസ് |
| 5 | SO 354/19-20 നെല്ലി മുരുപ്പ് റോഡ് റീടാറിംഗ് | S65-2809kg, RS1-841kg | 22 | 6182 | ശ്രീ ഷാജഹാൻ എസ് |
| 6 | SO 374/19-20 പുന്നവിള ഇഞ്ചൂർ റോഡ് റീ ടാറിങ് ഐറിഷ് | S65-1855kg, RS1-637kg | 15 | 4215 | ശ്രീ പി ജെ ജോൺ |
| 7 | SO 411/19-20 കറവൂർ കാരിക്കുഴി റോഡ് പുനരുദ്ധാരണം | S65-2311kg, RS1-255kg | 16 | 4496 | ശ്രീ സി ജോസഫ് |
| | | | ആകെ | 35406/- | |

ആകെ 35406/- രൂപയുടെ നഷ്ടമുണ്ടായി. അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.01.2022)മറുപടിയായി മേൽ ക്രമ നമ്പറുകൾ 1,3,6,7 എന്നിവയിൽ പരാമർശിക്കുന്ന 21637/-രൂപ 01.02.2022ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രസീത് ഹാജരാക്കുകയുണ്ടായി. (രസീത് നം. 121010105365/01.02.2022) ശേഷിക്കുന്ന 13769/- രൂപ സംബന്ധമായി വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 13769/- രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.01.22 | കെ.എസ്.എ.കെ.എൽ.എം.പി.9/173/22 തീയതി – 02.06.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| " | " | 200000 | അനുപൂരക പോഷകാഹാര പദ്ധതി | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 33750 | വന്യമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം | 33750 | 0 |
| " | | 69330 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 69330 | 0 |
| " | " | 94000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 94000 | 0 |
| " | " | 200000 | ലൈഫ് ഭവന പദ്ധതി ജനറൽ | 200000 | 0 |
| " | " | 160000 | ലൈഫ് ഭവന പദ്ധതി എസ്.റ്റി. | 160000 | 0 |
| " | " | 400000 | പാലിയേറ്റീവ് | 400000 | 0 |
| " | " | 200000 | അനുപൂരക പോഷകാഹാര പദ്ധതി | 200000 | 0 |
| " | " | 199753 | ചാച്ചിപുന്ന പുളിയാണിക്കര തച്ചക്കോട് മുരുമ്പോൾ റോഡ് കോൺക്രീറ്റിംഗ് | 199753 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സമ്പൂർണ്ണ കുടിവെള്ളം കുര്യോട്ടുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 13/2019-20, 27.09.19 | 1251000 | 0 | 1251000 |
| കെ.എസ്.ഇ.ബി. | കുട്ടുകൽ ഇട്ടിക്കോവ് കമ്പിലൈൻ-ഇലക്ട്രിക് ലൈൻ നീട്ടൽ | 18/19-20, 25.10.2019 | 199368 | 0 | 199368 |
| കേരള ഭൂജല വകുപ്പ് | കടശ്ശേരി കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ | 16/19-20, 26.10.2019 | 500000 | 0 | 500000 |
| | ഞണ്ടു തോട് കുടിവെള്ള പദ്ധതി പൂർത്തീകരണം | 03/19-20, 04.06.2019 | 584070 | 0 | 584070 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6700000/- രൂപ വരവുണ്ട്. ടി തുകയിൽ 3910000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്ഭവന പദ്ധതി | സ.ഉ.(എം.എസ്.)111/2018 തീയതി 13.08.18 | 6700000 | 39594555 | 3205882 | - | 43088673 |
| ഇ.എം.എസ്. | 03.05.10 | - | 783415 | 783415 | - | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13769 | ആശ വൈ. വി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 6000 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-19 | 70000 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-20 | 1751000 | ശ്രീ. അനസ്. വൈ, സെക്രട്ടറി |
| | 584070 | ശ്രീമതി ദിലീന കെ. കെ, സെക്രട്ടറി അഡീഷണൽ ചാർജ്ജ് |

| | | |
|---|---|---|
| 1-21 | 24390 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-22 | 3900 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-23 | 6900 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-24 | 1990236 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 1-25 | 33762 | ഡോ. സന്ധ്യാ സുധാകർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-26 | 15000 | ഡോ. സന്ധ്യാ സുധാകർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-28 | 25000 | രതീഷ്. ആർ, വി.ഇ.ഒ. |
| 1-30 | 6800 | രതീഷ്. ആർ, വി.ഇ.ഒ. |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അനസ് വൈ. സെക്രട്ടറി | സെക്രട്ടറി, തൃക്കണ്ണപുരം ഗ്രാമപഞ്ചായത്ത് | തെങ്ങുവിള വീട്, കുണ്ടറ, കുണ്ടറ പി.ഒ. |
| ശ്രീമതി ദിലീന കെ. കെ. | ജെ. എസ്, പിറവന്തൂർ ഗ്രാമപഞ്ചായത്ത് | ചേതന, മഞ്ചള്ളൂർ, പത്തനാപുരം പി.ഒ. |
| ശ്രീ ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ | ജി. എൽ. പി. എസ്, പിറവന്തൂർ | പൂന്തോട്ടത്തിൽ മേലേതിൽ, ഇളംഗമംഗലം, ഏനാത്ത് പി.ഒ. |
| ശ്രീമതി ആശ വൈ. വി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പിറവന്തൂർ ഗ്രാമപഞ്ചായത്ത് | എസ്സ്.എ. കോട്ടേജ്, വെള്ളിമൺ ഈസ്റ്റ് പി.ഒ, കുണ്ടറ |
| ശ്രീ. രതീഷ് ആർ, വി.ഇ.ഒ | വി.ഇ.ഒ, പിറവന്തൂർ | എള്ളിംവിള വീട്, കുര പി.ഒ. തലവൂർ |
| ഡോ. സന്ധ്യാ സുധാകർ, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിറവന്തൂർ | സ്വപ്ന ഭവൻ, ഭരണിക്കാവ്, പുനലൂർ – 691305 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി8-1274/02;18.09.03 | 9 |
| 1998-99 | എൽ.എഫ്.ക്യൂ.പി8-92/03;13.04.04 | 13 |
| 1999-00 | എൽ.എഫ്.ക്യൂ.പി5-1364/04;07.09.05 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി5-1365/04;16.11.05 | 10 |
| 2001-02 | എൽ.എഫ്.ക്യൂ.പി5-1366/04;17.07.06 | 8 |
| 2002-03 | എൽ.എഫ്.ക്യൂ.പി5-1107/07;5.1.08 | 5 |
| 2003-04 | എൽ.എഫ്.ക്യൂ.പി5-1107/07;5.1.08 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി5-1255/08;13.05.09 | 12 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ.പി5-1255/08;13.05.09 | 8 |
| 2006-07 | എൽ.എഫ്.ക്യൂ.പി5-346/10;16.9.10 | 6 |
| 2007-08 | എൽ.എഫ്.ക്യൂ.പി5-278/2011;3.8.11 | 11 |
| 2008-09 | എൽ.എഫ്.ക്യൂ.പി5-1546/2011;19.06.14 | 17 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ.പി5-1280/12;19.06.14 | 13 |
| 2011-12 | എൽ.എഫ്.ക്യൂ.പി5-973/13;13.8.13 | 24 |
| 2012-13 & 13-14 | എൽ.എഫ്.ക്യൂ.പി.5-425/15;1.4.15 | 29 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി5-1126/16;27.7.16 | 10 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി9-1312/16;8.7.16 | 11 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി9-1910/17;3.11.17 | 18 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി9-195/19;3.5.19 | 24 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി.9/386/2020/ 11/06/2020 | 11 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.